# ലോഹങ്ങൾ

---

**Que.1. ലോഹനാശനം തടയാൻ ഏതെങ്കിലും രണ്ടു മാർഗങ്ങൾ എഴുതുക.**

**[Marks :(2)]**

**Ans.** പെയിന്റ് ചെയ്യുക, ഗാൽവനൈസിംഗ്, വൈദ്യുത ലേപനം

**Que.2. ഏതാനും വസ്തുക്കൾ താഴെ കൊടുക്കുന്നു.അതുമായി ബന്ധപ്പെട്ട്**

**നൽകിയിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക ?**

**ഇരുമ്പാണി,ചെമ്പുകമ്പി,അലൂമിനിയം കമ്പി,പെൻസിൽലെഡ്,കാർബൺദണ്ഡ്**

**അടിച്ചുപരത്താൻ കഴിയാത്തവ ഏതൊക്കെ ?**

**വൈദ്യുത കമ്പിയായി അലൂമിനിയം ഉപയോഗിക്കുന്നതിനുള്ള ഏതെങ്കിലും രണ്ട് കാരണങ്ങൾ എഴുതുക ?**

**[Marks :(3)]**

**Ans.** a)പെൻസിൽലെഡ്,കാർബൺദണ്ഡ്

b) വൈദ്യുതവാഹി,സാന്ദ്രതകുറഞ്ഞത്,ഡക്റ്റിലിറ്റി

**Que.3. ആഹാരം പാകം ചെയ്യാൻ സാധാരണ ലോഹനിർമിതമായ**

**പാത്രങ്ങളാണ് ഉപയോഗിക്കാറ്.**

**പാത്രനിർമാണത്തിന് സാധാരണയായി ഉപയോഗിക്കുന്ന ഏതെങ്കിലും രണ്ട് ലോഹങ്ങളുടെ പേരെഴുതുക.**

**ലോഹങ്ങളുടെ എതൊക്കെ സവിശേഷതകളാണ് ഇവിടെ പ്രയോജനപ്പെടുത്തുന്നത് ?**

**[Marks :(3)]**

**Ans.** (i)അലൂമിനിയം,ചെമ്പ്,ഇരുമ്പ്

(ii)താപചാലകത,കാഠിന്യം,മാലിയബിലിറ്റി,ഡക്റ്റിലിറ്റി

**Que.4. താഴെകൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ തെറ്റായവ കണ്ടെത്തി**

**ശരിയാക്കി എഴുതുക ?**

**അലൂമിനിയം വൈദ്യുത ചാലകമാണ്.**

**പ്ലാറ്റിനം ഡക്ടിലിറ്റി കുറഞ്ഞ ലോഹമാണ്.**

**പൊട്ടാസ്യം കാഠിന്യം ഉള്ള ലോഹമാണ്.**

**ചെമ്പിന് സൊണോറിറ്റിയുണ്ട്.**

**[Marks :(3)]**

**Ans.** പ്ലാറ്റിനം ഡക്ടിലിറ്റി ഏറ്റവും കൂടിയ ലോഹമാണ്.

പൊട്ടാസ്യം മൃദുലോഹമാണ്.

**Que.5. ലോഹനാശനം സംഭവിക്കാത്ത ലോഹങ്ങൾക്ക് രണ്ട് ഉദാഹരണങ്ങൾ എഴുതുക അവയുടെ ഓരോ ഉപയോഗങ്ങൾ എഴുതുക?**

**[Marks :(2)]**

**Ans.** സ്വർണ്ണം,പ്ലാറ്റിനം.

ആഭരണങ്ങൾ നിർമ്മിക്കാൻ

**Que.6. ചിത്രം നിരീക്ഷിച്ച് കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക .**




**A.നനഞ്ഞ പഞ്ഞി എടുത്ത ടെസ്റ്റ്ട്യൂബിൽ ഇരുമ്പാണി അന്തരീക്ഷവായുവിൽ തുറന്നു**

**സൂക്ഷിക്കുന്നു.**

**B.ഇരുമ്പാണിക്കൊപ്പം നീറ്റുകക്കയിട്ട് ടെസ്റ്റ്ട്യൂബ് അടച്ച് സൂക്ഷിക്കുന്നു.**

**C.സോഡിയം ഹൈഡ്രോക്സൈഡ് ലായനിയിൽ ഇരുമ്പാണി പകുതി**

**മുങ്ങത്തക്കവിധം ടെസ്റ്റ്ട്യൂബിൽ സൂക്ഷിച്ചിരിക്കുന്നു.**

**D.നേർപ്പിച്ച ഹൈഡ്രോക്ലോറിക് ആസിഡിൽ ഇരുമ്പാണി പകുതി**

**മുങ്ങത്തക്കവിധം ടെസ്റ്റ്ട്യൂബിൽ സൂക്ഷിച്ചിരിക്കുന്നു.**

**a) ഏതൊക്കെ ടെസ്റ്റ് ട്യൂബുകളിലെ ആണികളാണ് തുരുമ്പിച്ചത് ?**

**b) ഏത് ടെസ്റ്റ് ട്യൂബിലാണ് ഇരുമ്പാണിക്ക് ഏറ്റവും അധികം തുരുമ്പുണ്ടായത് ?**

**ഇതിനു കാരണമായ ഘടകങ്ങൾ ഏവ ?**

**c) ഏതു ടെസ്റ്റ് ട്യൂബിലെ ഇരുമ്പാണിയാണ് തുരുമ്പിക്കാത്തത് ?**

**ഇതിനു കാരണമെന്ത് ?**

**[Marks :(4)]**

**Ans.** a)ടെസ്റ്റ് ട്യൂബ് A,C,D

b) ടെസ്റ്റ് ട്യൂബ് A,ജലാംശം,ഓക്സിജൻ

c)ടെസ്റ്റ് ട്യൂബ് B,ടെസ്റ്റ് ട്യൂബ് അടച്ചിട്ടുണ്ട്,അതിനുള്ളിലുള്ള

ജലാംശത്തെ നീറ്റുകക്ക വലിച്ചെടുക്കുന്നു.

**Que.7. നാരങ്ങ മുറിക്കാൻ ഇരുമ്പു കത്തിയേക്കാൾ നല്ലത് സ്റ്റെയിൻലെസ്**

**സ്റ്റീൽ കത്തിയാണ്.ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ ?**

**ഉത്തരം സാധൂകരിക്കുക ?**

**[Marks :(3)]**

**Ans.** യോജിക്കുന്നു.ഇരുമ്പ് നാരങ്ങയിലെ ആസിഡുമായി രാസപ്രവർത്തനത്തിലേർപ്പെടുന്നു. എന്നാൽ സ്റ്റെയിൻലെസ് സ്റ്റീൽ രാസപ്രവർത്തനത്തിൽ ഏർപ്പെടുന്നില്ല.

**Que.8. നിത്യജീവിതത്തിൽ നാം കൂടുതലായി ഉപയോഗിക്കുന്ന ഒരു ലോഹമാണ് ഇരുമ്പ്.**

**a) ഇരുമ്പിന്റെ ഏതെങ്കിലും രണ്ട് ഉപയോഗങ്ങൾ എഴുതുക.**

**b) ഇരുമ്പിന് ചുറ്റുപാടുകളുമായുള്ള സമ്പർക്കം കൊണ്ട് സംഭവിക്കുന്ന ഒരു മാറ്റം എഴുതുക. ഇതിന്റെ കാരണം എന്ത്?**

**c) ഇത് തടയാൻ സ്വീകരിക്കാവുന്ന ഒരു മാർഗ്ഗം എഴുതുക ?**

**[Marks :(3)]**

**Ans.** a)പണിയായുധങ്ങൾ ,ഗ്രില്ലുകൾ എന്നിവ ഉണ്ടാക്കാൻ

b)ഇരുമ്പ് തുരുമ്പിക്കുന്നു.അന്തരീക്ഷവായുവിലെ ഓക്സിജൻ,ജലാംശം

എന്നിവയുമായി രാസപ്രവർത്തനത്തിലേർപ്പെട്ടാണ് ഇരുമ്പ്

തുരുമ്പിക്കുന്നത്

c) പെയിന്റ് അടിക്കുക.

**Que.9. സിങ്കും,നേർപ്പിച്ച ഹൈഡ്രോക്ലോറിക് ആസിഡും തമ്മിലുള്ള രാസപ്രവർത്തനത്തിന്റെ സമവാക്യമാണ് നൽകിയിരിക്കുന്നത്.**

**$Zn + 2HCl \rightarrow ZnCl2 + H2$**

**a) ഉണ്ടായ ഉൽപന്നങ്ങൾ ഏതെല്ലാം ?**

**b) Zn ന് പകരം Mg ഉപയോഗിച്ചാൽ ലഭിക്കുന്ന ഉല്പന്നങ്ങൾ ഏതല്ലാം ?**

**c) താഴെ കൊടുത്തിരിക്കുന്നവയിൽ നേർത്ത ഹൈഡ്രോക്ലോറിക് ആസിഡുമായി പ്രവർത്തിക്കാത്ത ലോഹമേത് ?**

**(Mg,Fe,Al,Cu)**

**[Marks :(4)]**

**Ans.** a) ZnCl2 & H2

b) MgCl2 & .H2

c) Cu

**Que.10. ചില ലോഹങ്ങൾ ബ്രാക്കറ്റിൽ നൽകിയിരിക്കുന്നു.**

**(സോഡിയം,പൊട്ടാസ്യം,കാത്സ്യം,സ്വർണ്ണം )**

**a).ഇവയിൽ ജലവുമായിപ്രവർത്തിച്ച് ഹൈഡ്രജൻ ഉണ്ടാക്കാത്ത ലോഹമേത് ?**

**b).സോഡിയം ജലവുമായിപ്രവർത്തിച്ചുണ്ടാകുന്ന പദാർത്ഥങ്ങളേതൊക്കെ ?**

**c). രാസസമവാക്യം പൂർത്തിയാക്കുക.**

**$2K + 2H_2O \rightarrow --- + H_2$**

**[NaOH, KOH, $Ca(OH)_2$ , $Mg(OH)_2$ ]**

**[Marks :(3)]**

**Ans.** 1)സ്വർണ്ണം

2) സോഡിയം ഹൈഡ്രോക്സൈഡും,ഹൈഡ്രജനും

3) KOH

**Que.11. ലബോറട്ടറിയിൽ സോഡിയം.പൊട്ടാസ്യം മുതലായ ലോഹങ്ങൾ മണ്ണെണ്ണയിൽ സൂക്ഷിക്കുന്നു. കാരണം എന്ത്?**

**[Marks :(2)]**

**Ans.** അന്തരീക്ഷ വായുവുമായി നേരിട്ട് സമ്പർക്കത്തിൻ വന്നാൽ ഇവ

രാസപ്രവർത്തനത്തിൽ ഏർപ്പെടുന്നു.വായുവുമായുള്ള സമ്പർക്കം ഒഴിവാക്കാനാണ്

മണ്ണെണ്ണയിൽ സൂക്ഷിക്കുന്നത്.

**Que.12. ബ്രാക്കറ്റിൽ കൊടുത്തവയിൽ വേഗത്തിൽ നശിച്ചുപോകുന്ന ലോഹമേത് ?**

**(സ്വർണം,സോഡിയം,അലൂമിനിയം,കോപ്പർ)**

**[Marks :(1)]**

**Ans.** സോഡിയം

**Que.13. ലോഹങ്ങളുടെ അവയുടെ രാസഗുണങ്ങളുമായി ബന്ധപ്പെട്ട ഏതാനും നിരീക്ഷണ ഫലങ്ങളാണ് നൽകിയിരിക്കുന്നത്.ഓരോന്നിനും കാരണമെഴുതുക**

**a) പുതുതായി മുറിച്ചെടുത്ത സോഡിയത്തിന്റെ മുറിച്ച ഭാഗത്തിന്റെ തിളക്കം**

**ഏതാനും മിനുട്ടുകൾക്കകം നഷ്ടപ്പെടുന്നു.**

**b) കോപ്പർപ്ലേറ്റ് സാന്റ്പേപ്പർ കൊണ്ട് നന്നായി ഉരസിയപ്പോൾ**

**നല്ല തിളക്കം ഉണ്ടായി.**

**[Marks :(4)]**

**Ans.** a) സോഡിയം അന്തരീക്ഷ വായുവിലെ വിവിധ

ഘടകങ്ങളുമായി രാസപ്രവർത്തനത്തിലേർപ്പെടുന്നതു കൊണ്ട്.

b) കോപ്പറിന്റെ ഉപരിതലത്തിൽ അന്തരീക്ഷവായുവുമായി സമ്പർക്കത്തിലേർപ്പെട്ടുണ്ടായ സംയുക്തങ്ങൾ സാന്റ്പേപ്പർ കൊണ്ട് ഉരസിയപ്പോൾ നീക്കം ചെയ്യപ്പെടുന്നതിനാൽ തിളക്കം വീണ്ടും ലഭിക്കുന്നു.

**Que.14. പട്ടിക വിശകലനം ചെയ്ത് താഴെകൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക?**

| ലോഹം | ദ്രവണാങ്കം (oC) | തിളനില (oC) | സാന്ദ്രത (g/cm3) |
|---|---|---|---|
| ഇരുമ്പ് | 1538 | 2861 | 7.873 |
| വെള്ളി | 961 | 2162 | 10.500 |

| | | | |
|---|---|---|---|
| **സ്വർണ്ണം** | **1064** | **2836** | **19.281** |
| **ടങ്സ്റ്റൺ** | **3414** | **5555** | **19.254** |

**a) ഏറ്റവും വേഗത്തിൽ ഉരുകുന്ന ലോഹമേത് ?**

**b) തിളനില ഏറ്റവും കൂടിയ ലോഹമേത് ?**

**c) സാന്ദ്രത ഏറ്റവും കുറഞ്ഞ ലോഹമേത് ?**

**d) ബൾബിന്റെ ഫിലമെന്റായി ടങ്സ്റ്റൺ ഉപയോഗിക്കുവാൻ കാരണമെന്ത്**

**[Marks :(4)]**

**Ans.** a)വെള്ളി

b)ടങ്സ്റ്റൺ

c)ഇരുമ്പ്

d)ഉയർന്ന ദ്രവണാങ്കം

**Que.15. വാദ്യോപകരണമായ ഇലത്താളം നിർമിക്കുവാൻ പ്ലാസ്റ്റിക് ഉപയോഗിക്കാറില്ല. ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുമോ? കാരണം എഴുതുക?**

**[Marks :(2)]**

**Ans.** പ്ലാസ്റ്റിക്കിന് സൊണോറിറ്റി എന്ന സവിശേഷതയില്ല.അതുകൊണ്ട് വാദ്യോപകരണമായ ഇലത്താളം നിർമിക്കുവാൻ പ്ലാസ്റ്റിക്ഉപയോഗിക്കാറില്ല.

**Que.16. ചില ലോഹങ്ങൾ നൽകിയിരിക്കുന്നു** **[Marks :(3)]**

**(ടങ്സ്റ്റൺ, സ്വർണ്ണം, ലിഥിയം, അലൂമിനിയം)**

**a) പാത്രങ്ങൾ നിർമിക്കാൻ ഉപയോഗിക്കുന്ന ലോഹമേത്?**

**b) ആഭരണം നിർമിക്കാൻ ഉപയോഗിക്കുന്ന ലോഹമേത്?**

**c) കാഠിന്യം കുറഞ്ഞ ലോഹമേത് ?**

**Ans.** a) അലൂമിനിയം

b) സ്വർണ്ണം

c) ലിഥിയം

**Que.17. അനുയോജ്യവായവിധം പട്ടിക പൂർത്തിയാക്കുക.** **[Marks :(4)]**

| ലോഹം | ഉപയോഗം | സവിശേഷത |
|---|---|---|
| സ്വർണ്ണം | ......(a)....... | മാലിയബിലിറ്റി |
| അലൂമിനിയം | റൂഫിങ് ഷീറ്റുകൾ | ......(b)....... |
| ഇരുമ്പ് | പണിയായുധങ്ങൾ | ......(c)....... |
| കോപ്പർ | ......(d)....... | വൈദ്യുതചാലകത |

**Ans.** a) ആഭരണനിർമാണം

b) മാലിയബിലിറ്റി

c) ഉയർന്ന കാഠിന്യം

d) വൈദ്യുതകമ്പി

**Que.18. താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകൾക്ക് കാരണമെഴുതുക.**

**a) അലൂമിനിയം പാത്രത്തിൽ മോര് സൂക്ഷിക്കാറില്ല.** **[Marks :(4)]**

**b) ആഭരണം നിർമിക്കാൻ സ്വർണം ഉപയോഗിക്കുന്നു.**

**Ans.** a) മോര് ആസിഡ് ആയതിനാൽ അതുമായി അലൂമിനിയം രാസപ്രവർത്തനത്തിൽ ഏർപ്പെടുന്നതിനാൽ.

b) സ്വർണ്ണം നല്ല തിളക്കമുള്ളതും നശിച്ചുപോകാത്തതുമാണ്.

**Que.19. താഴെ കൊടുത്തിരിക്കുന്നവയിൽ ശരിയായവ ഏത് ?** **[Marks :(2)]**

**a) ഇരുമ്പിനെ കത്തികൊണ്ട് മുറിക്കാൻ കഴിയും**

**b) സോഡിയത്തെ ബ്ലേഡ് ഉപയോഗിച്ച് മുറിക്കാൻ കഴിയും**

**c) ലിഥിയം ഒരു മൃദു ലോഹമാണ്.**

**d) പൊട്ടാസ്യം കാഠിന്യം കൂടിയ ലോഹമാണ്.**

**Ans.** b) സോഡിയത്തെ ബ്ലേഡ് ഉപയോഗിച്ച്എളുപ്പം മുറിക്കാൻ

c) ലിഥിയം ഒരു മൃദു ലോഹമാണ്.

**Que.20. അനുയോജ്യമായവ ചേർത്ത് എഴുതുക** **[Marks :(3)]**

| | |
|---|---|
| i) സോഡിയം | പാത്രങ്ങൾ നിർമിക്കാൻ |

| | |
|---|---|
| **ii) അലൂമിനിയം** | **വൈദ്യുത ചാലകത കൂടുതൽ** |
| **iii) വെള്ളി** | **കാഠിന്യം കുറഞ്ഞത്** |

**Ans.** i) കാഠിന്യം കുറഞ്ഞത്

ii) പാത്രങ്ങൾ നിർമിക്കാൻ

iii) വൈദ്യുത ചാലകത കൂടുതൽ

**Que.21. ബൾബിന്റെ ഫിലമെന്റായി ടങ്സ്റ്റനാണ് ഉപയോഗിക്കുന്നത്.ഇതിന്** **[Marks :(1)]**

**കാരണമായ സവിശേഷതകൾ എടുത്തെഴുതുക?**

**(ഡക്ടിലിറ്റി,മാലിയബിലിറ്റി,ഉയർന്ന സാന്ദ്രത)**

**Ans.** ഡക്ടിലിറ്റി

**Que.22. താഴെ ചില പ്രസ്താവനകൾ നൽകിയിരിക്കുന്നു.ഇവയ്ക്ക് അനുയോജ്യമായ ലോഹങ്ങളെ** **[Marks :(3)]**

**കണ്ടെത്തുക.**

**a) മാലിയബിലിറ്റി ഏറ്റവും കൂടിയ ലോഹം..**

**b) ഡക്റ്റിലിറ്റി ഏറ്റവും കൂടിയ ലോഹം..**

**c) വൈദ്യുതചാലകത ഏറ്റവും കൂടിയ ലോഹം..**

**(സ്വർണ്ണം,വെള്ളി,കോപ്പർ,പ്ലാറ്റിനം, അലുമിനിയം)**

**Ans.** a)സ്വർണ്ണം

b)പ്ലാറ്റിനം

c)വെള്ളി

**Que.23. മിഠായി പൊതിയാൻ അലൂമിനിയംഫോയിൽ** **[Marks :(1)]**

**ഉപയോഗിക്കുന്നു.ഇതിനു**

**കാരണമായ ലോഹസവിശേഷത താഴെ കൊടുത്തിരിക്കുന്നവയിൽഏത്?**

**(മാലിയബിലിറ്റി,ഡക്റ്റിലിറ്റി ,ലോഹദ്യുതി,സൊണോറിറ്റി )**

**Ans.** മാലിയബിലിറ്റി

**Que.24. പട്ടിക പൂർത്തീകരിക്കുക** **[Marks :(3)]**

| | | |
|---|---|---|
| **ലോഹം** | **സവിശേഷത** | **വസ്തുക്കൾ** |
| **സ്വർണ്ണം** | **............a..............** | **ആഭരണങ്ങൾ** |
| **അലൂമിനിയം** | **താപചാലകത** | **............b..............** |
| **........c......** | **വൈദ്യുതചാലകത** | **വൈദ്യുതഉപകരണങ്ങൾ** |

**Ans.** a)ലോഹദ്യുതിലോഹനാശനംനടക്കുന്നില്ല,

b)പാചകപാത്രങ്ങൾ,

c)ചെമ്പ്

**Que.25. താഴെ കൊടുത്തിരിക്കുന്നവയെ** **[Marks :(3)]**

**ലോഹമൂലകങ്ങൾ,അലോഹമൂലകങ്ങൾ എന്നിങ്ങനെ തരംതിരിക്കുക.**

**അലൂമിനിയം, ഹൈഡ്രജൻ, കോപ്പർ, ഓക്സിജൻ, ഇരുമ്പ്, നൈട്രജൻ**

**Ans.** അലോഹമൂലകങ്ങൾ--- ഹൈഡ്രജൻ, ഓക്സിജൻ, നൈട്രജൻ

ലോഹമൂലകങ്ങൾ--- അലൂമിനിയം, കോപ്പർ, ഇരുമ്പ്